**Southern Railway**
**Date - 14.02.2026**
**Print Media**

# DPR survey nod for seven high-speed rail routes in state; KIIFB will provide Rs 1900 crore for Sabari Rail

# DPR survey nod for seven high-speed rail routes in state

**ANU KURUVILLA** @Kochi

KERALA'S high-speed rail ambitions have received a major push, with the Union Ministry of Railways sanctioning Detailed Project Report (DPR) surveys for seven rail line projects in the state, with a speed potential of up to 160 kmph.

The move, announced by Railway Minister Ashwini Vaishnaw in the Rajya Sabha on Friday, opens the door for future high-speed rail development in Kerala, even as the state was left disappointed by its exclusion from the Union Budget's list of sanctioned high-speed rail projects.

The seven projects cleared for DPR surveys are Shoranur–Mangalore (3rd and 4th line, 307 km); Coimbatore–Shoranur (3rd and 4th line, 99 km); Shoranur–Ernakulam (3rd line, 106km), Ernakulam–Kayamkulam via Kottayam (3rd line, 115 km), Kayamkulam–Thiruvananthapuram (3rd line, 105 km), Thiruvananthapuram–Nagercoil (3rd line, 71 km), and Turavur–Ambalappuzha doubling (48 km).

Vaishnaw said the sanctioning of DPR surveys marks a crucial preparatory step towards infrastructure expansion and speed enhancement.

"After the approval of the DPR, the sanctioning of the project requires consultation with various stakeholders, including state governments, and necessary approvals," the minister said.


● More on P5

# Timelines for execution can't be fixed, says min

CONTINUED FROM P1

ANU KURUVILLA @ Kochi

THE minister, however, indicated that timelines for execution remain uncertain. "Since sanctioning of projects is a continuous and dynamic process, exact timelines cannot be fixed," Vaishnaw said. He said the Railways has undertaken extensive track and signalling upgrades over the past 11 years to enhance speed potential across the network.



On Kerala's proposed SilverLine semi-high-speed rail project, Vaishnaw said the Kerala Rail Development Corporation Limited (KRDCL) has been advised to revise its DPR in line with updated technical standards. "However, the state government is insisting on considering the SilverLine project as a standalone project," Vaishnav said. His statement on SilverLine comes amid reports that the state government issued notification early this month, cancelling the land acquisition for the ambitious rail project.

Meanwhile, the DPR surveys for the seven projects are expected to assess feasibility, costs and technical requirements for enhancing speeds up to 160 kmph — a development that could significantly reduce travel time and modernise Kerala's railway backbone if implemented, officials said.

**Publication:** The New Indian Express **Edition:** Kochi, Trivandrum

# Nod for 14 projects worth ₹689.45 cr

**EXPRESS NEWS SERVICE**
@T'Puram



THE Kerala Infrastructure Investment Fund Board (KIIFB) on Friday sanctioned 14 projects worth ₹689.45 crore.

They include statewide expansion of Work Near Home Project: Skill Ecosystem 2.0 (₹153 crore), development of Kozhikode PUKC road (₹166.55 crore), development of Thrissur General Hospital (₹136.79 crore) and development of Government Mental Hospital, Thiruvananthapuram (₹87.68 crore).

The director board meeting chaired by Chief Minister Pinarayi Vijayan also gave in-principle conditional sanction to 11 projects worth ₹8,081 crore. They include four-laning of MC road (₹5,217 crore), Angamaly-Erumeli Sabari rail project (₹1,900 crore) and land acquisition for K-Space aerospace control systems complex (₹600 crore).

**Publication:** The New Indian Express **Edition:** Kochi, Trivandrum

# Railways to survey seven routes for faster trains

Times News Network


**T'puram:** Railways sanctioned detailed project report (DPR) surveys to increase train speeds to 160 km/hr on seven routes in Kerala, said Union railways minister Ashwini Vaishnaw. But he did not say whether the routes will be sanctioned for an upgrade or construction.

The seven routes are Shoranur-Mangaluru (third and fourth lines), Ernakulam-Kayamkulam (third line), Thiruvananthapuram- Kayamkulam

## GREENLIGHT FOR DPR

(third line), Thiruvananthapuram-Nagercoil (third line), Shoranur-Ernakulam (third line), Thuravoor-Ambalappuzha (doubling) and Coimbatore-Shoranur (third and fourth lines).

In a written reply to a question raised by MP P P Suneer in Rajya Sabha on superfast railway lines in Kerala, Vaishnaw said, "After firming up of DPR, sanctioning of project requires



**The routes are Shoranur-M'luru, Ernakulam-Kayamkulam, T'puram-Kayamkulam, T'puram-Nagercoil, Shoranur-Ernakulam, Thuravoor-Ambalappuzha and Coimbatore-Shoranur**

consultation with various stakeholders – including state govt and necessary approvals – appraisal of Niti Aayog, Union finance ministry etc. As sanctioning of projects is a continuous and dynamic process, exact timelines cannot be fixed."

The Union minister also added that railways want Kerala Rail Development Corporation to revise the DPR of Thiruvananthapuram-Kasargod SilverLine to adopt broad gauge for integration with the existing railway network, a flatter ruling gradient, a drainage scheme for yards and sections, provision of Kavach, 2×25kV electrification and taking environmental safeguards during construction, among other measures.

However, the govt of Kerala insists on considering SilverLine as a standalone project, he said.

The Union minister also said that the average speed of train service is dependent on the maximum permissible speed of the sections, track structure, geometry along the route (including gradients and curves), topographical conditions, number of stoppages en route, line capacity utilization and maintenance works along sections.

Route congestion prevents railways from improving the speed of trains and reducing travel time in Kerala. There are widespread public complaints that trains take more time to cover distances that can be covered much faster by road.

**Publication:** The Times of India **Edition:** Kochi

# KIIFB's in-principle nod for four-lane MC Road and Sabari Rail projects

**The Hindu Bureau**
THIRUVANANTHAPURAM

A clutch of major infrastructure projects, including the four-laning of MC Road and the Sabari Rail project, will be funded through the Kerala Infrastructure Investment Fund Board (KIIFB).

A KIIFB board meeting held on Friday gave its in-principle nod for providing funding to the tune of ₹5,217 crore for the four-laning of the Kesavadasapuram-Angamaly MC Road, ₹1,900 crore for the Angamaly-Erumely Sabari Rail project and ₹600 crore for the Aerospace Control Systems Complex proposed under KSpace.

These were among 11 projects worth ₹8,081 crore which were granted in-principle approval and 14 other projects worth ₹689 crore granted financial approval at the 56th board meeting chaired by Chief Minister Pinarayi Vijayan.

With this, the financial heft of projects granted approval under KIIFB has touched ₹1.10 lakh crore, Finance Minister K.N. Balagopal said at a press conference here.

The Cabinet meeting held on February 4 had decided that the State would bear half the cost – ₹ 1,900 crore – of the Sabari Rail project.

The four-laning of MC Road and the Aerospace Control Systems Complex project were announced in the 2026-27 State Budget.

In-principle approval has also been granted for the procurement of medical equipment for hospitals (₹210.51 crore), Phase I development of the Conolly Canal in Kozhikode (₹73.21 crore) and infrastructure development of the K.R. Narayanan National Institute of Visual Science and Arts (₹26.59 crore).

CONTINUED ON
» PAGE 8

# KIIFB nod for MC Road, Sabari Rail projects

Among the 14 projects granted approval are the Work Near Home: Skill Ecosystem 2.0 project (₹153 crore ), the development of the General Hospital, Thrissur (₹136.79 crore) and infrastructure development of the Mental Health Centre in Thiruvananthapuram (₹87.68 crore). Most projects in this category, worth ₹282.98 crore, come under Public Works, and Health and Family Welfare (₹224.47 crore). So far, KIIFB has given nod for 1,237 projects worth ₹98,836.83 crore and in-principle nod for 11 projects worth ₹8,081 crore.

**Publication:** The Hindu **Edition:** Thiruvananthapuram

# Sanction for survey of 7 rail projects

**Press Trust of India**
THIRUVANANTHAPURAM

To improve the rail network in Kerala, the Ministry of Railways has sanctioned surveys for preparation of detailed project report (DPR) for seven projects with high-speed potential of 160 kilometres per hour.

The seven projects include the 307-km Shoranur-Mangaluru third and fourth line, 99-km Coimbatore-Shoranur third and fourth line, 106-km Shoranur-Ernakulam third line, and the 115-km Ernakulam-Kayamkulam third line (via Kottayam), an official release said.

The other projects include the 105-km Kayamkulam-Thiruvananthapuram third line, 71-km Thiruvananthapuram-Nagercoil third line, and the 46-km Turavur-Ambalappuzha doubling. After firming up of the DPR, sanctioning of the projects requires consultation with stakeholders, including State governments and approvals like appraisal of NITI Aayog, Ministry of Finance, etc., it said.

**Publication:** The Hindu **Edition:** Thiruvananthapuram

# கேரளாவில் 7 ரயில் திட்ட கணக்கெடுப்பு

**ரயில்வே அமைச்சகம் ஒப்புதல்**

**திருவனந்தபுரம், பிப்.14:** கேரளாவில் 7 அதிவேக ரயில் திட்டங்களுக்கான விரிவான திட்ட அறிக்கையை தயாரிப்பதற்கான கணக்கெடுப்புக்கு ரயில்வே அமைச்சகம் ஒப்புதல் அளித்துள்ளது.

கேரளாவில் பயணிகளின் ரயில் சேவையை மேம்படுத்தும் நோக்கில் 7 அதிவேக ரயில் திட்டங்கள் நிறைவேற்றப்பட உள்ளது. முக்கிய நகரங்களை இணைத்து பயண நேரத்தை குறைக்கும் வகையிலும், வளர்ந்து வரும் பயணிகள் போக்குவரத்து தேவையை பூர்த்தி செய்யும் வகையிலும் அரசு இந்த நடவடிக்கையை மேற்கொண்டு வருகின்றது. கேரள மாநிலத்தில் ரயில் வலையமைப்பை மேம்படுத்தும் வகையில் மணிக்கு 160கி.மீ. வேகத்தில் அதிவேக திறன் கொண்ட 7 ரயில் திட்டங்களுக்கான விரிவான திட்ட அறிக்கையை தயாரிப்பதற்கான கணக்கெடுப்புகளுக்கு ரயில்வே அமைச்சகம் ஒப்புதல் அளித்துள்ளது.

இது தொடர்பாக வெளியிடப்பட்ட அதிகாரப்பூர்வ அறிக்கையில், 7 திட்டங்களில் 307கி.மீ. நீளமுள்ள ஷொரனூர்-மங்களூர் 3 மற்றும் 4வது பாதை, 99கி.மீ.நீளமுள்ள கோயம்புத்தூர்- ஷொரனூர் 3 மற்றும் 4வது பாதை, 106கி.மீ. நீளமுள்ள ஷொரனூர் -எர்ணாகுளம் 3 மற்றும் 4வது பாதை, 115கி.மீ. நீளமுள்ள எர்ணாகுளம்-காயம்குளம் 3வது பாதை ஆகியவை அடங்கும். மேலும் 105கி.மீ. நீளமுள்ள காயங்குளம் - திருவனந்தபுரம் 3வது பாதை, 71கி.மீ. நீளமுள்ள திருவனந்தபுரம்-நாகர்கோவில் 3வது பாதை, 46கி.மீ. நீளமுள்ள துராவூர் -அம்பலாப்புழா இரட்டிப்புபாதை ஆகியவையும் அடங்கும்" என்றும் அதில் குறிப்பிடப்பட்டுள்ளது.



**7 train project survey in Kerala**

**Publication:** Dinakaran **Edition:** Chennai, Nagarcoil

## 160 കി.മീ വേഗപാത

# 7 പദ്ധതികൾക്ക് ഡിപിആർ തയാറാക്കുന്നു

ന്യൂഡൽഹി: കേരളത്തിലെ റെയ്ൽവേ ശൃംഖല വിപുലീകരിക്കാനും മെച്ചപ്പെടുത്താനും മണിക്കൂറിൽ 160 കിലോമീറ്റർ വേഗത കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള അതിവേഗ പാത നിർമിക്കാനുള്ള വിശദമായ പദ്ധതി റിപ്പോർട്ട്(ഡിപിആർ) തയാറാക്കാൻ 7 സർവെകൾക്ക് അനുമതി ലഭിച്ചു. ഷൊർണൂർ - മംഗലാപുരം (മൂന്നും നാലും പാതകൾ- 307 കിലോമീറ്റർ), കോയമ്പത്തൂർ - ഷൊർണൂർ (മൂന്നും നാലും പാതകൾ- 99 കി.മീ), ഷൊർണൂർ - എറണാകുളം (മൂന്നാം പാത- 106 കി.മീ.), എറണാകുളം - കായംകുളം (കോട്ടയം വഴി മൂന്നാം പാത- 115 കി.മീ.), കായംകുളം - തിരുവനന്തപുരം (മൂന്നാം പാത- 105 കി.മീ.), തിരുവനന്തപുരം - നാഗർകോവിൽ (മൂന്നാം പാത- 71 കി.മീ.), തുറവൂർ - അമ്പലപ്പുഴ (പാത ഇരട്ടിപ്പിക്കൽ- 46 കി.മീ.) എന്നിവയാണ് 160 കിലോമീറ്റർ വേഗത്തിൽ ട്രെയ്നുകൾ ഓടാവുന്ന പാതകളായി മാറ്റാൻ പദ്ധതിയിട്ടിരിക്കുന്നത്.

ഡിപിആർ അന്തിമമാക്കിയ ശേഷം അംഗീകാരം നൽകുന്നതിന് സംസ്ഥാന സർക്കാർ ഉൾപ്പെടെ വിവിധ പങ്കാളികളുമായുള്ള കൂടിയാലോചന വേണം. നിതി ആയോഗ്, ധനമന്ത്രാലയം തുടങ്ങിയവയുടെ അനുമതികൾ നേടണം. പദ്ധതികൾക്ക് അനുമതി നൽകുന്നത് തുടർച്ചയായ പ്രക്രിയയായതിനാൽ ഇതിനു കൃത്യമായ സമയപരിധി നിശ്ചയിക്കാൻ കഴിയില്ല- റെയ്ൽവേ, വാർത്താവിതരണ പ്രക്ഷേപണ, ഇലക്ട്രോണിക്സ്, ഐടി മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞു.

**സിൽവർലൈൻ പദ്ധതി പുതുക്കണമെന്ന് നിർദേശം**

കേരള സർക്കാർ നിലവിൽ സിൽവർ ലൈൻ എന്ന പേരിൽ തിരുവനന്തപുരം - കാസർഗോഡ് സെമി- ഹൈ സ്പീഡ് ലൈനിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. അതിനെ ഒരു സ്വതന്ത്ര പദ്ധതിയായി പരിഗണിക്കണമെന്ന് നിർബന്ധം പിടിക്കുന്നു. എന്നാൽ, ഇന്ത്യൻ റെയിൽവേ ശൃംഖലയുമായി സംയോജിപ്പിക്കുന്നതിനായി ബ്രോഡ് ഗേജ് സ്വീകരിക്കുക, നിലവിലുള്ള റെയിൽ ശൃംഖലയുമായി സംയോജിപ്പിക്കുക, കവച് സുരക്ഷാ സംവിധാനം ഒരുക്കുക തുടങ്ങിയ നിർദേശങ്ങൾ ഡിപിആറിൽ വേണമെന്ന് കേന്ദ്രം കേരള സർക്കാരും റെയ്ൽവേ മന്ത്രാലയവും ചേർന്നുള്ള സംയുക്ത സംരംഭമായ കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്- അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.



### 3 'മെമു'ക്കൾക്ക് ഇനി 12 കോച്ച്

കൊല്ലം- എറണാകുളം, കൊല്ലം- കോട്ടയം, പാലക്കാട്- എറണാകുളം റൂട്ടുകളിലെ 3 മെമു ട്രെയ്നുകളിൽ കോച്ചുകളുടെ എണ്ണം 8ൽ നിന്നും 12 ആക്കി. ഇതോടെ 614 സീറ്റിന് പകരം 921 സീറ്റുകൾ ലഭിക്കും. ത്രീ ഫെയ്സ് 12 കോച്ച് മെമു ട്രെയ്നുകളിൽ 921 പേർക്കാണ് ഇരുന്നു യാത്ര ചെയ്യാം. 2,682 പേർക്ക് നിൽക്കാം. ആകെ 3,603 പേരെയാണ് ഒരു ട്രെയ്ൻ ഉൾക്കൊള്ളുക. 3 ട്രെയ്നുകളിലും 23 മുതൽ കോച്ചുകൾ 12 ആകും. 12 മെമു ട്രെയ്നുകളാണ് കേരളത്തിൽ സർവീസ് നടത്തുന്നത്.

**160 km expressway DPRs are being prepared for 7 projects**

**Publication:** Metro Vartha **Edition:** Thiruvananthapuram, Thrissur

മലയാള മനോരമ

# കേരളത്തിലെ 7 റെയിൽ വികസനപദ്ധതികളിൽ 160 കിലോമീറ്റർ വേഗം

**മനോരമ ലേഖകൻ**



ന്യൂഡൽഹി ● കേരളത്തിൽ വരാനിരിക്കുന്ന 7 റെയിൽ വികസനപദ്ധതികളിലും മണിക്കൂറിൽ 160 കിലോമീറ്റർ വേഗത്തിൽ യാത്ര ചെയ്യാൻ കഴിയുന്ന തരത്തിലാകും പാത നിർമിക്കുകയെന്നു റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയെ അറിയിച്ചു. വിശദ പദ്ധതിരേഖയ്ക്കായുള്ള സർവേക്ക് അനുമതി നൽകി. അതിവേഗ പാത സംബന്ധിച്ച ജോൺ ബ്രിട്ടാസിന്റെ ചോദ്യത്തിനായിരുന്നു മന്ത്രിയുടെ മറുപടി.

ഷൊർണൂർ - മംഗളൂരു (മൂന്നും നാലും പാതകൾ - 307 കിലോമീറ്റർ), കോയമ്പത്തൂർ - ഷൊർണൂർ (മൂന്നും നാലും പാതകൾ - 99 കിലോമീറ്റർ), ഷൊർണൂർ - എറണാകുളം (മൂന്നാം പാത -106 കിലോമീറ്റർ), എറണാകുളം - കായംകുളം (കോട്ടയം വഴി - മൂന്നാം പാത - 115 കിലോമീറ്റർ), കായംകുളം - തിരുവനന്തപുരം (മൂന്നാം പാത - 105 കിലോമീറ്റർ), തിരുവനന്തപുരം - നാഗർകോവിൽ (മൂന്നാം പാത - 71 കിലോമീറ്റർ), തുറവൂർ - അമ്പലപ്പുഴ (പാത ഇരട്ടിപ്പിക്കൽ) എന്നിവയ്ക്കായാണു സർവേ നടത്തുക.

**160 kmph speed in 7 rail development projects in Kerala**

**Publication:** Malayala Manorama **Edition:** Chennai, Kannur, kollam

# ശബരി പാതയ്ക്ക് 1900 കോടി

തിരുവനന്തപുരം ● അങ്കമാലി-എരുമേലി ശബരി റെയിൽ പാത നിർമാണത്തിനു സംസ്ഥാന വിഹിതമായി കിഫ്ബിയിൽ നിന്ന് 1900 കോടി രൂപ അനുവദിക്കാൻ ഇന്നലെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കിഫ്ബി ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം തീരുമാനിച്ചു. 3800 കോടി രൂപയാണു പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ്. കേരളം ഭൂമിയേറ്റെടുത്തു നൽകുന്ന മുറയ്ക്കു റെയിൽവേ പാതയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

**1900 crores for Sabari Path**

**Publication:** Malayala Manorama **Edition:** Kochi

കിഫ്ബി ബോർഡ്

# ശബരി റെയിൽവേക്ക് 1900 കോടി; എം.സി റോഡിന് 5217 കോടി

**» ഇനി ഭരണാനുമതിയോ മറ്റ് ഉത്തരവുകളുടേയോ ആവശ്യമില്ല**

**തിരുവനന്തപുരം:** സംസ്ഥാനത്തെ റെയിൽവേ വികസനത്തിൽ നിർണായകമായ അങ്കമാലി-എരുമേലി ശബരി റെയിൽവേ പാതക്കായി 1,900 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ വെള്ളിയാഴ്ച ചേർന്ന ബോർഡ് യോഗത്തിലാണ് സുപ്രധാന തീരുമാനം. ഇതോടെ ദശകങ്ങളായി മുടങ്ങിക്കിടക്കുന്ന ശബരി പദ്ധതിക്ക് വേഗത കൈവരുമെന്നാണ് പ്രതീക്ഷ. പദ്ധതിയുടെ 50 ശതമാനം ചെലവ് സംസ്ഥാനം വഹിക്കുന്നതിന്റെ ഭാഗമായാണ് തുക വിനിയോഗിക്കുകയെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ വാർത്തസമ്മേളനത്തിൽ വ്യക്തമാക്കി. പദ്ധതിക്കായി 1900 കോടി രൂപ ചെലവഴിക്കാൻ കിഫ്ബി സി.ഇ.ഒയെ ചുമതലപ്പെടുത്തി. ഇനി ഭരണാനുമതിയുടെയോ മറ്റ് ഉത്തരവുകളുടേയോ ആവശ്യമില്ല. പദ്ധതി തിരുവനന്തപുരം വരെ നീട്ടുന്നത് മലയോര മേഖലയിലെ റെയിൽ കണക്ടിവിറ്റിൽ വലിയ മാറ്റം സൃഷ്ടിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

കേശവദാസപുരം മുതൽ അങ്കമാലിവരെയുള്ള എം.സി റോഡ് നാല് വരിയായി വികസിപ്പിക്കുന്നതിനുള്ള ആദ്യഘട്ട ചെലവുകൾക്ക് 5217 കോടിയുടെ പദ്ധതിക്കും ബോർഡ് അംഗീകാരം നൽകി. കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, കൊട്ടാരക്കര, പന്തളം, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ ബൈപാസുകൾക്കായാണ് തുക വിനിയോഗിക്കുക. കൊട്ടാരക്കര ബൈപാസിന്റെ പ്രവർത്തനങ്ങൾ നേരത്തേ ആരംഭിച്ചു. ഇതിനായി 250 കോടിയുടെ പദ്ധതിക്ക് ബോർഡ് അംഗീകാരം നൽകി. തിരുവനന്തപുരം വേളിയിൽ കെ-സ്പേസിനായി ഭൂമി ഏറ്റെടുക്കാൻ 600 കോടി രൂപ അനുവദിച്ചു. 14 പുതിയ പദ്ധതികൾക്കായി 689.45 കോടി രൂപയുടെ ധനാനുമതിയും നൽകി.

ഇതുവരെ 98,836.83 കോടി രൂപയുടെ 1237 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ തുകകൂടി കണക്കിലെടുക്കുമ്പോൾ ഇത് 1.10 ലക്ഷം കോടി രൂപയോളം വരും. 38,000 കോടി ഇതിനോടകം ചെലവഴിച്ചു. ഇതിൽ 25,000 കോടിയുടേത് പൂർത്തീകരിച്ച പദ്ധതികളാണ്.

## അനുമതി ലഭിച്ച പ്രധാന പദ്ധതികൾ

- വിവിധ ആശുപത്രികൾക്കായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ -210.51 കോടി.
- കോഴിക്കോട് പി.യു.കെ.സി റോഡ് -166.55 കോടിയുടെ രൂപ
- സംസ്ഥാനവ്യാപകമായ 'വർക്ക് നിയർ ഹോം' പദ്ധതി -153 കോടി
- തൃശൂർ ജനറൽ ആശുപത്രി വികസനം -136.79 കോടി
- തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം വികസനം -87.68 കോടി
- കനോലി കനാൽ വികസനം -73.21 കോടി
- വളപട്ടണം പുഴക്ക് കുറുകെ കല്ലൂരിക്കടവ് പാലം നിർമാണം -45.89 കോടി
- കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് വികസനം -26.59 കോടി
- കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് അടിസ്ഥാന സൗകര്യ വികസനം -26.59 കോടി
- ലളിതാംബിക അന്തർജനം സാംസ്കാരിക സമുച്ചയം -25 കോടി
- മലപ്പുറം ജില്ലയിലെ മുണ്ടേങ്ങര-പുള്ളിപ്പാടം-ഓടക്കയം-വീട്ടിക്കുന്ന് റോഡ് നവീകരണം -19.52 കോടി
- പാലക്കാട് പട്ടാമ്പി-ആരയൂർ റോഡ് -16.99 കോടി
- മലപ്പുറം കുണ്ടൂർത്തോട് നവീകരണം -15.80 കോടി
- തൃശൂർ വടക്കാഞ്ചേരി ബൈപാസ് ഭൂമി ഏറ്റെടുക്കൽ -14.78 കോടി
- ആറന്മുള ബോട്ട് റേസിങ് ഗാലറി, പമ്പ നദീതീര സംരക്ഷണം, നടപ്പാത പദ്ധതികൾ -10 കോടി
- മുണ്ടയ്ക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെ തീരസംരക്ഷണ പ്രവർത്തനങ്ങൾ -9.77 കോടി
- കിഫ്ബി മുഖേന പൂർത്തിയായ വിവിധ കായിക സമുച്ചയങ്ങളുടെ അറ്റകുറ്റപ്പണികൾ -9.42 കോടി
- മംഗളവനം ഉപകനാലിലെ വികസന പ്രവർത്തനങ്ങൾ -6.19 കോടി
- എച്ച്.എം.ടി ജങ്ഷൻ വികസനം -6.18 കോടി
- കോട്ടയം ജില്ലയിലെ പാലാ റിങ് റോഡ് ഭൂമി ഏറ്റെടുക്കൽ -5.08 കോടി
- ഷൊർണൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം പദ്ധതി -3.43 കോടി
- തിരുവനന്തപുരം അയ്യാ വൈകുണ്ഠ സ്വാമി സ്മാരക, സാംസ്കാരിക കേന്ദ്രം -3.16 കോടി

**1900 crores for Sabari Railway; 5217 crores for MC Road**

**Publication:** Madhyamam **Edition:** Kochi

# കേരളത്തിൽ ഏഴ് റെയിൽവേ പദ്ധതിക്കുള്ള ഡിപിആർ സർവേയ്ക്ക് അനുമതി

**ന്യൂഡൽഹി:** കേരളത്തിൽ റെയിൽവേ വികസനത്തിന്റെ ഭാഗമായി പാത ഇരട്ടിപ്പിക്കലിനും പാത നിവർത്തലിനും ഡിപിആർ തയാറാക്കുന്നതിനുള്ള സർവേകൾക്ക് അനുമതി നൽകിയതായി റെയിൽവേ മന്ത്രാലയം. 160 കിലോമീറ്റർ വേഗതയിൽ കൂടുതൽ റെയിൽവേ ഗതാഗതം സാധ്യമാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) തയാറാക്കുന്നതിനായുള്ള സർവേകൾക്കാണ് അനുമതി.

സർവേകൾക്ക് അനുമതി ലഭിച്ച പദ്ധതികൾ ചുവടെ: ഷൊർണൂർ-മംഗളൂരു മൂന്നും നാലും പാതകൾ (307 കിലോമീറ്റർ), കോയമ്പത്തൂർ-ഷൊർണൂർ മൂന്നും നാലും പാതകൾ (99 കിലോമീറ്റർ), ഷൊർണൂർ-എറണാകുളം മൂന്നാം പാത (106 കിലോമീറ്റർ), എറണാകുളം-കായംകുളം മൂന്നാംപാത (കോട്ടയം വഴി 115 കിലോമീറ്റർ), കായംകുളം-തിരുവനന്തപുരം മൂന്നാം പാത (105 കിലോമീറ്റർ), തിരുവനന്തപുരം -നാഗർകോവിൽ മൂന്നാംപാത (71 കിലോമീറ്റർ), തുറവൂർ-അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ (46 കിലോമീറ്റർ).

**Approval for DPR survey for seven railway projects in Kerala**

**Publication:** Deepika **Edition:** Kochi

## കേരളത്തിലെ റെയിൽ വികസനം

# ഏഴ് പദ്ധതികളുടെ ഡിപിആറിന് അനുമതി നൽകി: കേന്ദ്രം

**ന്യൂദൽഹി:** കേരളത്തിലെ റെയിൽവേയുടെ സമഗ്ര വികസനം ഉറപ്പാക്കുന്ന, അതിവേഗ ട്രെയിനുകൾക്ക് വഴിയൊരുക്കുന്ന ഏഴു പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) തയാറാക്കാൻ റെയിൽവേ മന്ത്രാലയം അനുമതി നൽകിയിരുന്നതായി മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ അറിയിച്ചു. മണിക്കൂറിൽ 160 കി.മി. വേഗതയിൽ ട്രെയിനുകൾക്ക് സഞ്ചരിക്കാൻ കഴിയുന്ന 7 പദ്ധതികൾക്കു വേണ്ട ഡിപിആർ ആണ് തയാറാക്കുന്നതെന്ന് ചോദ്യങ്ങൾക്കുത്തരമായി അദ്ദേഹം പറഞ്ഞു.



1 ഷൊർണൂർ - മംഗലാപുരം (307 കിമി) മൂന്നും നാലും പാത

2 കോയമ്പത്തൂർ - ഷൊർണൂർ (99 കിമി) മൂന്നും നാലും പാത

3 ഷൊർണൂർ-എറണാകുളം (106 കിമി) മൂന്നാം പാത

4 കോട്ടയം- എറണാകുളം- കായംകുളം (115 കിമി) മൂന്നാം പാത

5 കായംകുളം-തിരുവനന്തപുരം (105 കിമി) മൂന്നാം പാത

6 തിരുവനന്തപുരം-നാഗർകോവിൽ (71 കിമി) മൂന്നാം പാത

7 തുറവൂർ-അമ്പലപ്പുഴ (46 കിമി) പാത ഇരട്ടിപ്പിക്കൽ

ഇവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ച ശേഷം സംസ്ഥാന സർക്കാരുകളുമായും നിതി ആയോഗ്, ധനമന്ത്രാലയം എന്നവയുമായും ചർച്ച നടത്തിയ ശേഷമാകും പദ്ധതികൾക്ക് അന്തിമാനുമതി നൽകുക.

### സിൽവർ ലൈൻ

അർദ്ധ അതിവേഗ റെയിൽ പദ്ധതിയായ സിൽവർ ലൈനിനു വേണ്ടി (തിരുവനന്തപുരം-കാസർകോട്) സംസ്ഥാന സർക്കാർ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ റിപ്പോർട്ട് കാലാനുസൃതമായി മാറ്റാനും പുതിയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കാനും ബ്രോഡ്ഗേജാക്കാനും കവച് സുരക്ഷാ സംവിധാനം ഏർപ്പെടുത്താനും മറ്റും കേന്ദ്രം നിർദ്ദേശിച്ചിരുന്നു. മറ്റു പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ സിൽവർ ലൈൻ കേരളത്തിന്റെ സ്വതന്ത്രമായ പദ്ധതി ആയിരിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിർബന്ധം.

കേരളത്തിൽ കൂടുതൽ വേഗതയിൽ ട്രെയിനുകൾ ഓടിക്കാൻ പാതകളുടെയും സിഗ്നലുകളുടെയും മറ്റും നവീകരണം നടത്തിവരികയാണ്. സുരക്ഷ ഉറപ്പാക്കാൻ പാളങ്ങളുടെ വെൽഡിങ് പരമാവധി കുറയ്ക്കാൻ 260 മീറ്റർ നീളമുള്ള പാളങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

**DPR of seven projects approved: Center**

**Publication:** Janmabhumi **Edition:** Kannur, kollam

# കേരള എക്സ്പ്രസ്

## 7 സംസ്ഥാനത്ത് റെയിൽപദ്ധതികൾക്ക് സർവേ അനുമതി

### ലക്ഷ്യം മണിക്കൂറിൽ 160 കി.മീ.

**സ്വന്തം ലേഖകൻ**
ന്യൂഡൽഹി

▸ കേരളത്തിൽ മണിക്കൂറിൽ 160 കിലോമീറ്റർ വേഗമുറപ്പാക്കുന്ന ഏഴുപദ്ധതികൾക്ക് വിശദപദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കാനാവശ്യമായ സർവേക്ക് അനുമതി. ഏഴുപദ്ധതികളിലുമായി 849 കി.മീ. ദൂരപരിധിയിൽ ഇതോടെ വേഗറെയിൽപ്പാതകൾക്ക് സാധ്യത തുറന്നു. ഡി.പി.ആർ. അംഗീകരിച്ചാൽ സംസ്ഥാനസർക്കാർ, നിതി ആയോഗ്, കേന്ദ്രധനകാര്യമന്ത്രാലയം മുതലായവയിൽനിന്ന് മറ്റ് അനുമതികൾ നേടിയെടുക്കണം. പദ്ധതികൾക്കുള്ള അനുമതി തുടർപ്രക്രിയയായതിനാൽ കൃത്യമായ സമയപരിധി നിശ്ചയിക്കാനാവില്ലെന്ന് റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ വ്യക്തമാക്കി.

തിരുവനന്തപുരം-കാസർകോട് അർധ അതിവേഗപാതയായ സിൽവർലൈനിന്റെ പണിപ്പുരയിലാണ് കേരളമെന്നും മന്ത്രി അറിയിച്ചു. കേരള റെയിൽ വികസന കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ.) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയെങ്കിലും പുതിയ സാങ്കേതിക നിലവാരമനുസരിച്ച് പരിഷ്കരിച്ചുനൽകാൻ കെ.ആർ.ഡി.സി.എലിനോട് നിർദേശിച്ചിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ശൃംഖലയുമായി ബന്ധപ്പെടുത്താൻ ബ്രോഡ്ഗേജ് പാത അവലംബിക്കുക, രണ്ട് റെയിൽവേ ലൈനുകൾക്കിടയിലുള്ള ഭാഗങ്ങളെ സമാന്തരപ്പെടുത്തൽ, യാർഡുകൾക്കും സെക്ഷനുകൾക്കുമായി മതിയായ ഡ്രെയ്നേജ് സംവിധാനമൊരുക്കൽ, കവച് സംവിധാനത്തിന് വ്യവസ്ഥയുണ്ടാക്കൽ, പാരിസ്ഥിതികമായ സുരക്ഷാമുൻകരുതലുകൾ, വൈദ്യുതീകരണം മുതലായവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.ആർ. പരിഷ്കരിക്കണമെന്നാണ് നിർദേശം.

### സർവേയ്ക്ക് അനുമതി കിട്ടിയവ

- ഷൊർണൂർ-മംഗളൂരു മൂന്നും നാലും പാതകൾ: **307** കി.മീ.
- കോയമ്പത്തൂർ-ഷൊർണൂർ മൂന്നും നാലും പാതകൾ: **99** കി.മീ.
- ഷൊർണൂർ-എറണാകുളം മൂന്നാം പാത: **106** കി.മീ.
- എറണാകുളം-കായംകുളം (കോട്ടയം വഴി) മൂന്നാംപാത: **115** കി.മീ.
- കായംകുളം-തിരുവനന്തപുരം മൂന്നാം പാത: **105** കി.മീ.
- തിരുവനന്തപുരം-നാഗർകോവിൽ മൂന്നാം പാത: **71** കി.മീ.
- തുറവൂർ-അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ: **46** കി.മീ.



### വ്യക്തതയോ ഉറപ്പോ ഇല്ല

**-ജോൺ ബ്രിട്ടാസ് എം.പി.**

കേരളത്തിലെ അതിവേഗ, അർധ അതിവേഗ റെയിൽപ്പാതകൾ സംബന്ധിച്ച ചോദ്യത്തിന് റെയിൽവേമന്ത്രി നൽകിയ മറുപടി വ്യക്തതയോ ഉറപ്പോ ഇല്ലാത്തതാണെന്ന് ജോൺ ബ്രിട്ടാസ് എം.പി. വിമർശിച്ചു. സിൽവർലൈൻ പദ്ധതിയുടെ ഭാവിസംബന്ധിച്ചോ ബദൽ പദ്ധതി സംബന്ധിച്ചോ കൃത്യതയുള്ള ഉത്തരം നൽകുന്നതിനുപകരം സർവേകളുടെയും നടപടിക്രമങ്ങളുടെയും പട്ടിക നിരത്തുകയാണ് ചെയ്തതെന്നും അദ്ദേഹം ആരോപിച്ചു.

ശബരി റെയിലിന് കിഫ്ബി 1900 കോടി നൽകും 09

**kerala Express. Permission for survey for 7 railway projects in the state.**

**Publication:** Mathrubhumi **Edition:** Chennai, Kannur, Kochi, kollam, KozhiKode, Palakkad, Thiruvananthapuram

Mathrubhumi
മാതൃഭൂമി

# ശബരി റെയിലിന് കിഫ്ബി 1900 കോടി നൽകും

## എം.സി. റോഡിന് 5217 കോടി

## വേളിയിൽ എയ്റോ സ്പെയ്സ് കോംപ്ലക്സിന് 600 കോടി

**പ്രത്യേക ലേഖകൻ**
തിരുവനന്തപുരം

▶ അങ്കമാലി–എരുമേലി ശബരി റെയിൽവേ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ 1900 കോടി രൂപ ചെലവാക്കാൻ കിഫ്ബി സി.ഇ.ഒ.യെ ചുമതലപ്പെടുത്തിയതായി മന്ത്രി കെ.എൻ. ബാലഗോപാൽ. കേശവദാസപുരംമുതൽ അങ്കമാലി വരെയുള്ള എം.സി. റോഡ് നാലുവരിയാക്കാൻ 5217 കോടി രൂപ ചെലവഴിക്കാനും തത്ത്വത്തിൽ അംഗീകാരമായി.

തിരുവനന്തപുരത്ത് വേളിയിൽ കെ–സ്പെയ്സിന്റെ എയ്റോ സ്പെയ്സ് കൺട്രോൾ സിസ്റ്റംസ് കോംപ്ലക്സ് സ്ഥാപിക്കാൻ ഭൂമിയേറ്റെടുക്കാൻ 600 കോടിയും നൽകും. ഇവയുൾപ്പെടെ 8081 കോടിയുടെ പദ്ധതികൾക്കാണ് തത്ത്വത്തിൽ അംഗീകാരം നൽകിയത്.

ഇതിനുപുറമേ, വെള്ളിയാഴ്ച ചേർന്ന കിഫ്ബി ഡയറക്ടർബോർഡ് യോഗം 689.45 കോടിയുടെ വിവിധ പദ്ധതികൾക്കും ധനാനുമതി നൽകി. ഇതോടെ കിഫ്ബിയിലെ പദ്ധതികളുടെ ആകെത്തുക 1,10,000 കോടി രൂപയായി. ഇതുവരെ കിഫ്ബി 38,608.52 കോടി ചെലവഴിച്ചു. എം.സി. റോഡിൽ പ്രധാന ജങ്ഷനുകൾ വികസിപ്പിക്കുന്നത് പ്രായോഗികമല്ല. അതിനാൽ ഏഴ് ബൈപ്പാസുകൾ നിർമിക്കും. കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, കൊട്ടാരക്കര, പന്തളം, ചെങ്ങന്നൂർ എന്നിവിടങ്ങളിലാണ് ബൈപ്പാസുകൾ വരുക. ബാക്കിസ്ഥലങ്ങളിൽ റോഡ് നാലുവരിയാക്കും. ദേശീയപാതാ അതോറിറ്റി പറയുന്നതു പോലെയൊന്നും ചെയ്യുന്നില്ലെന്നും മന്ത്രി പറഞ്ഞു.

**ധനാനുമതി നൽകിയ പദ്ധതികൾ (കോടി രൂപയിൽ)**

- വർക്ക് നിയർ ഹോം വ്യാപിപ്പിക്കൽ– 153
- കോഴിക്കോട് പി.യു.കെ.സി. റോഡ്– 166.55
- തൃശ്ശൂർ ജനറൽ ആശുപത്രി വികസനം– 136.79
- വളപട്ടണം കല്ലൂരിക്കടവ് പാലം– 45.89
- തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രം വികസനം –87.68

**തത്ത്വത്തിൽ അനുമതി നൽകിയവ (കോടി രൂപയിൽ)**

- ആശുപത്രികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ– 210.51 കോടി
- കോഴിക്കോട് കനോലി കനാൽ വികസനം– 73.21
- തിരുവനന്തപുരത്ത് അയ്യാ വൈകുണ്ഠ സ്വാമിസ്മാരകം– 3.16

**KIIFB will provide Rs 1900 crore for Sabari Rail**

**Publication:** Mathrubhumi **Edition:** Chennai, Kannur, Kochi, kollam, KozhiKode

മംഗളവനത്തിനും എച്ച്എംടി ജങ്ഷൻ വികസനത്തിനും കിഫ്ബി ഫണ്ട്

# ശബരിപാതയ്ക്ക് 1900 കോടി രൂപ നീക്കിവച്ചു

**മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കിഫ്ബി ബോർഡ് യോഗത്തിലാണ് തീരുമാനം**

സ്വന്തം ലേഖകൻ

**കൊച്ചി**

അങ്കമാലി–ശബരി പാത നിർമാണത്തിനാവശ്യമായ തുകയുടെ പകുതി സംസ്ഥാന സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചതിനു പിന്നാലെ 1900 കോടി രൂപ നീക്കിവച്ച് കിഫ്ബി ബോർഡ് യോഗതീരുമാനം. വെള്ളിയാഴ്ച മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കിഫ്ബി ബോർഡ് യോഗം അനുമതി നൽകിയ പദ്ധതികളിൽ ശബരിപാത ഉൾപ്പെടെ മൂന്ന് പദ്ധതികൾ ജില്ലയുടെ വികസനത്തിന് കുതിപ്പേകുന്നതാണ്. എച്ച്എംടി ജങ്ഷൻ വികസനത്തിനായി 6.18 കോടി, മംഗളവനം ഉപ കനാൽ വികസനത്തിന് 6.19 കോടി രൂപ എന്നിങ്ങനെയാണ് മറ്റു രണ്ട് പദ്ധതികൾക്ക് തുക നീക്കിവയ്ക്കുക.

അങ്കമാലിയിൽ തുടങ്ങി കോട്ടയം ജില്ലയിലെ എരുമേലിവരെ നീളുന്ന 111 കിലോമീറ്റർ നിർദിഷ്ട റെയിൽവേ പദ്ധതിയാണ് ശബരി പാത. ജനുവരി അവസാനമാണ് അങ്കമാലി–ശബരി റെയിൽപ്പാത മരവിപ്പിച്ച നടപടി കേന്ദ്രസർക്കാർ പിൻവലിച്ചത്. തുടർനടപടികൾ സ്വീകരിക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിന് അംഗീകൃത അലൈൻമെന്റും വിശദമായ പദ്ധതിമാപ്പും സംസ്ഥാന സർക്കാരുമായി പങ്കിടാനും അനുമതി ലഭിച്ചതിനെ തുടർന്നാണ് സംസ്ഥാന സർക്കാർ കിഫ്ബിയിൽനിന്ന് 1900 കോടി രൂപ അനുവദിച്ചത്. ഇതോടെ ഭൂമി ഏറ്റെടുക്കൽ ത്വരിതഗതിയിലാകും.

കളമശേരിയിലെ ദീർഘകാല ഗതാഗതക്കുരുക്കിന് പരിഹാരമാണ് എച്ച്എംടി ജങ്ഷൻ വികസനം. ഭൂമി ഏറ്റെടുക്കലിന് ഉൾപ്പെടെയാണ് തുക അനുവദിച്ചത്. സീപോർട്ട്–എയർപോർട്ട് റോഡുമായി ബന്ധിപ്പിക്കുന്ന പാത നവീകരിക്കുന്നതോടെ ഒരു ദശാബ്ദമായുള്ള വലിയൊരാവശ്യമാണ് നിറവേറുക.

കൊച്ചി നഗരത്തിന്റെ ശ്വാസകോശമായ മംഗളവനം പക്ഷിസങ്കേതവും ഉപകനാലും സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി മംഗളവനം കൺസർവേഷൻ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. വനംവകുപ്പിന്റെ മേൽനോട്ടത്തിൽ പരിസ്ഥിതിസൗഹൃദമായ നവീകരണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, പക്ഷികളുടെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനുള്ള നടപടികൾ എന്നിവയുമാണ് പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുന്നത്. ഇതിനായാണ് 6.18 കോടി രൂപ അനുവദിച്ചിരിക്കുന്നത്.

**Rs 1900 crore allocated for Sabarimala highway**

**Publication:** Deshabhimani **Edition:** Kochi